പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 662. 28.09.2016-ൽ മറുപടിക്ക്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, അടൂർ പ്രകാശ്<br>,, ഹൈബി ഈഡൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ സമ്പ്രദായം നടപ്പിലാക്കുന്നതുൾപ്പെടെ ഇവരുടെ വിവര ശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ പ്രാരംഭ നടപടികളുടെ ഭാഗമായി ഐ.ടി.മിഷൻ, ചിയാക്ക്, അക്ഷയ, യു.ഐ.ഡി എന്നീ സർക്കാർ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടും അവലോകന യോഗങ്ങൾ നടന്നു വരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷുറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവര ശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും. |
| (സി) ആരാണ് വിവരശേഖരണം നടത്തുന്നത്, ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ | |

| | |
|---|---|
| (ഡി) ഇത് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) വിവരശേഖരണം നടത്തുന്ന ഏജൻസി വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്രസിദ്ധീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ അഫീസർ.